**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 917</u>** **<u>02-02-2026 - ൽ മറുപടിയ്ക്ക്</u>**

**<u>കടവുപുഴ പാലം, മേച്ചാൽ ചക്കിക്കാവ് റോഡ് എന്നിവയുടെ നിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പാലാ നിയോജക മണ്ഡലത്തിലെ കടവുപുഴ പാലം, മേച്ചാൽ ചക്കിക്കാവ് റോഡ് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയം എം. പി. പട്ടികവർഗ്ഗ വികസന വകുപ്പിന് നൽകിയ 22/8/2025 ലെ കത്തിന്മേലും സ്ഥലം എം. എൽ. എ. നൽകിയ 29/10/2025 ലെ കത്തിന്മേലും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ മൂന്നിലവ് പഞ്ചായത്തിലെ കടവുപുഴ പാലം, മേച്ചാൽ-ചക്കിക്കാവ് റോഡ് എന്നിവയുടെ പുനർനിർമ്മാണത്തിനായി DAJA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡിനായി 7.80 കോടി രൂപയും, Article (125) ൽ ഉൾപ്പെടുത്തി പാലം പുനർനിർമ്മിക്കുന്നതിന് വേണ്ടി 2.40 കോടി രൂപയും കേന്ദ്രസർക്കാർ അനുവദിക്കാമെന്ന് അറിയിച്ചിട്ടുള്ളതായി സൂചിപ്പിച്ച് ലഭ്യമായ ജനപ്രതിനിധികളുടെ നിവേദനങ്ങളിൽ പരാമർശിച്ചിരിക്കുന്ന രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളല്ല. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന DAJGUA, Article 275(1) എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളായിരിക്കാം നിവേദനങ്ങളിൽ ഉദ്ദേശിച്ചിട്ടുള്ളത് എന്നതിനാൽ പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി മൂന്നിലവ് പഞ്ചായത്തിലെ കടവുപുഴ പാലം, മേച്ചാൽ ചക്കിക്കാവ് റോഡ് എന്നിവ നിർമ്മിക്കുന്നതിനുള്ള ഡിറ്റെയിൽഡ് പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ കാഞ്ഞിരപ്പള്ളി ഐ.റ്റി.ഡി പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രൊപ്പോസൽ കേന്ദ്രസർക്കാരിൽ സമർപ്പിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | തദ്ദേശവാസികളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പ്രസ്തുത പാലവും റോഡും കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിക്ക് വേണ്ടി സമയബന്ധിതമായി പ്രൊപ്പോസൽ നൽകി കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കോട്ടയം ജില്ലയിലെ മൂന്നിലവ് പഞ്ചായത്തിലെ കടവുപുഴ പാലം, മേച്ചാൽ-ചക്കിക്കാവ് റോഡ് എന്നിവയുടെ പുനർനിർമ്മാണത്തിനായി DAJA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡിനായി 7.80 കോടി രൂപയും, Article (125) ൽ ഉൾപ്പെടുത്തി പാലം പുനർനിർമ്മിക്കുന്നതിന് വേണ്ടി 2.40 കോടി രൂപയും കേന്ദ്രസർക്കാർ അനുവദിക്കാമെന്ന് അറിയിച്ചിട്ടുള്ളതായി സൂചിപ്പിച്ച് ലഭ്യമായ ജനപ്രതിനിധികളുടെ നിവേദനങ്ങളിൽ പരാമർശിച്ചിരിക്കുന്ന രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളല്ല. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന DAJGUA, Article 275(1) എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളായിരിക്കാം നിവേദനങ്ങളിൽ ഉദ്ദേശിച്ചിട്ടുള്ളത് എന്നതിനാൽ പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി മൂന്നിലവ് പഞ്ചായത്തിലെ കടവുപുഴ പാലം, മേച്ചാൽ ചക്കിക്കാവ് റോഡ് എന്നിവ നിർമ്മിക്കുന്നതിനുള്ള ഡിറ്റെയിൽഡ് പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ കാഞ്ഞിരപ്പള്ളി ഐ.റ്റി.ഡി പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രൊപ്പോസൽ കേന്ദ്രസർക്കാരിൽ സമർപ്പിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ